# കേരള സർക്കാർ
## പൊതുമരാമത്ത് (സി)വകുപ്പ്

### പരിപത്രം

നം.സി 3/436/2017/പൊ.മ.വ. തിരുവനന്തപുരം, 22.07.2017

വിഷയം: പൊമവ- പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസലുകളിൽ കാലതാമസമൊഴിവാക്കാനും ഡോക്യുമെന്റുകളും പ്രൊപ്പോസലുകളും ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് .

സൂചന : 18.07.2017 ന് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസലുകളിൽ കാലതാമസമൊഴിവാക്കുന്നതിനായി പ്രൊപ്പോസലുകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നത് സംബന്ധിച്ച് ചർച്ചചെയ്യുന്നതിനായി 18.07.2017 ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗതീരുമാനമനുസരിച്ച് 24.07.2017 മുതൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് അയയ്ക്കുന്ന പ്രൊപ്പോസലുകൾ ഇലക്ട്രോണിക് രൂപത്തിൽ ആയിരിക്കണം എന്നും വകുപ്പ് മേധാവികളുടെയും പൊതുമരാമത്ത് വകുപ്പിൻകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ ആഗസ്റ്റ് 15 മുതൽ ഇലക്ട്രോണിക് രൂപത്തിലായിരിക്കണമെന്നും നിർദ്ദേശിക്കുന്നു.

എൻ നന്ദകുമാർ
അഡീഷണൽ സെക്രട്ടറി

To

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ പി എസ്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി(i/c) യുടെ പി എ
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും / വകുപ്പ് മേധാവികൾക്കും
പൊതുമരാമത്ത് വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ